**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1104** **12-06-2024 - ൽ മറുപടിയ്ക്ക്**

**കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിലെ ജലജീവൻ മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാതയിൽ (എൻ.എച്ച്. 966) പൈപ്പുകൾ സ്ഥാപിക്കുവാൻ നാഷണൽ ഹൈവേ അതോറിറ്റിയുടെ അനുമതി കിട്ടാത്തതിനാൽ കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട്, കരിമ്പ പഞ്ചായത്തുകളിൽ ജലജീവൻ മിഷൻ പദ്ധതി തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തടസ്സങ്ങൾ മാറ്റുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (എ) | കരിമ്പ, കോങ്ങാട് മുണ്ടൂർ (ഭാഗികം) പഞ്ചായത്തുകൾക്കായുള്ള ജൽജീവൻമിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി പൈപ്പ് സ്ഥാപിക്കുന്നതിന് (NH 966 ൽ ചെയ്നേജ് 111.60 മുതൽ 123.60 കി.മീറ്റർ വരെ 12 കി.മീറ്റർ ദൂരത്തിൽ പൊന്നങ്കോട് പാലം മുതൽ മൈലമ്പുള്ളി വരെ) റോഡിന്റെ ഇരു വശങ്ങളിലും പൈപ്പ് സ്ഥാപിക്കേണ്ടതുണ്ട്. ഇതിനായി 05/10/2021-ന് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് അപേക്ഷ സമർപ്പിച്ചു. കൂടാതെ ഡി.ഐ.സി.സി മീറ്റിംഗിലെ ജില്ലാ കളക്ടറുടെ നിർദ്ദേശമനുസരിച്ച് പി.ഡബ്ല്യു.ഡി NH -ന് വീണ്ടും അപേക്ഷ സമർപ്പിച്ചു. 18.11.2021 നും 19.11.2021 നും സംയുക്ത പരിശോധന നടത്തി. 27/11/2021 ന് പി.ഡബ്ല്യു.ഡി NH അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ റോഡ് കട്ടിംഗിനുള്ള അനുമതി നൽകാനാവില്ല എന്നറിയിച്ചു. മാത്രമല്ല 23/11/2021 ലെ National Highway Authority of India യുടെ കത്ത് പ്രകാരം അപേക്ഷ നിരസിക്കുകയും HDD Method (Horizontal Direct Drilling Method) ആയി ഈ പ്രൊപ്പോസൽ പുന:സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.<br><br>എന്നാൽ HDD Method വഴി പൈപ്പ് ലൈൻ സ്ഥാപിച്ചാൽ വാട്ടർ അതോറിറ്റിയ്ക്ക് ഈ പൈപ്പിൽ നിന്നും ബ്രാഞ്ച് ലൈൻ സ്ഥാപിക്കാനോ കുടിവെള്ള കണക്ഷനുകൾ നൽകാനോ കഴിയാതെവരും. കൂടാതെ ഇത് അതിഭീമമായ ചെലവും വരുത്തി വെയ്ക്കുന്നതാണ്. നാഷണൽ ഹൈവേയിലെ ഈ റോഡിന്റെ പണി ഊരാളുങ്കൽ ലേബർ സൊസൈറ്റിയുടെ കീഴിൽ നടന്നു വരുകയാണ്. ഈ വിഷയം ജില്ല കളക്ടർ ചെയർമാനായുള്ള DICC മീറ്റിംഗിൽ ഉന്നയിക്കുകയും കൂടാതെ കേരള വാട്ടർ അതോറിറ്റി ഹെഡ് ഓഫീസ് മുഖാന്തിരം NH/ NHAI |

| | | | | |
|---|---|---|---|---|
| | | | | അതോറിറ്റിയിടെ ശ്രദ്ധയിൽപെടുത്തി അനുമതി നേടാൻ ശ്രമിക്കുകയും ചെയ്തു.<br><br>തുടർന്ന് ROW/1063115 പ്രകാരം 24.02.2023 ന് PWD- NH ന് അപേക്ഷ സമർപ്പിച്ചു. പ്രസ്തുത റോഡിന്റെ BM BC വർക്കുകൾ പൂർത്തീകരിച്ച്, റോഡ് ഡിഫക്റ്റ് ലയബിലിറ്റി പിരീഡിൽ ആയതിനാലും, MoRTH ന്റെ കീഴിലുള്ള പ്രവൃത്തി ആയതിനാൽ സുരക്ഷാപരിശോധന നടത്തേണ്ടതുണ്ട് എന്നതിനാലും 27.03.2023 ന്റെ ആപ്ലിക്കേഷൻ തിരിച്ചയച്ചു. ടി പ്രവൃത്തിക്ക് അനുമതി നൽകേണ്ട അതോറിറ്റി MoRTH ആണെന്ന് അറിയിച്ചത് പ്രകാരം ROW/1074681 dt.17.06.2023 ന് MoRTH അനുമതിയ്ക്കായി വീണ്ടും സമർപ്പിച്ചു.<br><br>വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ കേരളത്തിൽ ഉടനീളം അനുമതി ലഭ്യമാക്കേണ്ട റോഡുകളുടെ അപേക്ഷ ക്രോഡീകരിച്ച് എൻഎച്ച്എഐ (National Highway Authority of India) ക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 26.02.2024 ന് ഒരു റിവൈസ്ഡ് പ്രൊപ്പോസൽ NHAI റീജിയണൽ ഓഫീസർക്ക് സമർപ്പിക്കുകയും ചെയ്തു. പുതിയ പ്രൊപ്പോസൽ അനുസരിച്ച് 08.05.2024ന് NHAI അതോറിറ്റിയിൽ നിന്നും കരിമ്പ, മുണ്ടൂർ വില്ലേജ് I, II കളിലായി റോഡ് കട്ടിംഗിനാവശ്യമായ 47,11,000/- രൂപ പെർഫോർമൻസ് ഗ്യാരണ്ടിയായും 21,94,104/- രൂപ ലൈസൻസ് ഫീ ആയും അടവാക്കുന്നതിന് അറിയിച്ചിരുന്നു. ഈ തുക അടവാക്കുന്നതിനായുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ